SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR   Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–30/09/2023.

1. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ കുഞ്ഞൊന്നിന് 140 രൂപ നിരക്കിൽ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിംങ്ങിനുമായി 10 മണി മുതൽ 4 വരെ 9400483754 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക

2. സമഗ്രവിഷ നിയന്ത്രണ പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പേവിഷ പ്രതിരോധകുത്തിവയ്പ്പ് യജ്ഞം ഇന്ന് (2023 സെപ്റ്റംബർ) അവസാനിയ്ക്കും. വളർത്തുനായ്ക്കളേയും, പൂച്ചകളേയും ഒരു മാസത്തിനുള്ളിൽ തന്നെ പേരോഗ പ്രതിരോധ കുത്തിവപ്പിന് വിധേയമാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ മൂന്ന് മാസത്തിനകം (ജൂൺ 1ന് ശേഷം) പേരോഗ കുത്തിവയ്പ്പെടുപ്പിച്ചിട്ടില്ലാത്ത എല്ലാ വളർത്തു നായ്ക്കൾക്കും, പൂച്ചകൾക്കും ഇന്നു തന്നെ അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് പേവിഷ പ്രതിരോധ കുത്തിവയ്പ്പെടുപ്പിയ്ക്കേണ്ടതാണെന്ന് ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രോജക്റ്റ് കോ ഓഡിനേറ്റർ അറിയിക്കുന്നു. വാക്സിനേഷൻ സർട്ടിഫിക്കറ്റുമായി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ബന്ധപ്പെട്ടാൽ നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസും കരസ്ഥമാക്കാവുന്നതാണ്.

3. ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പശു യൂണിറ്റ്, വ്യക്തിഗത വാണിജ്യ ഡയറി ഫാമുകൾക്കും, യുവാക്കൾക്കായുള്ള സ്മാർട്ട് ഡയറി ഫാമുകൾക്കും ക്ഷീരലയം (തോട്ടം മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക്), ക്ഷീരതീരം (മത്സ്യ/ കയർ മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക്), കാലി തൊഴുത്ത് നിർമ്മാണം, ഡെയറി ഫാം ആധുനികവൽക്കരണവും യന്ത്രവൽക്കരണവും, വാണിജ്യ അടിസ്ഥാനത്തിലുള്ള ഫാമുകൾ എന്നിവയ്ക്കായി ധനസഹായം നൽകുന്നു. താല്പര്യമുള്ളവർക്ക് ക്ഷീരശ്രീ പോട്ടൽ മുഖേന അപേക്ഷിക്കാവുന്നതാണ്.

4. കൃഷിവകുപ്പിന്റെ കഴക്കൂട്ടം തെങ്ങിൻ തൈ ഉൽപാദന കേന്ദ്രത്തിൽ ശീതകാല പച്ചക്കറികളായ ക്യാബേജ്, ക്വാളിഫ്ലവർ, ബീറ്റ്റൂട്ട്, ക്യാരറ്റ് തുടങ്ങിയ പച്ചക്കറികളുടെയും തക്കാളി, മുളക്, വഴുതന, വെണ്ട തുടങ്ങിയ പച്ചക്കറി വിളകളുടെയും തൈകൾ തയ്യാറായി വരുന്നു. ഈ മാസം 25 (25.09.2023) മുതൽ വിൽപ്പന ഉണ്ടായിരിക്കുന്നതാണ്. ആവശ്യക്കാർ കഴക്കൂട്ടം തെങ്ങിൻ തൈ ഉൽപാദന

കേന്ദ്രവുമായി നേരിട്ടോ 9383470302 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടണമെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

5. തെങ്ങിലെ കൂമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ള സ്റ്റേഷനുകൾ 8547675124 നമ്പറിൽ ബന്ധപ്പെടുക. പാർസൽ ആയും എത്തിച്ചു തരുന്നതാണ്.

**6.** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്**.** വിശദവിവരങ്ങൾക്ക് ഫോൺ നമ്പർ : **0487-2370773**

6 കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ (പാവൽ, വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്

7 തിരുവനന്തപുരം കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ കോഴിവളം കിലോയ്ക്ക് 3 രൂപ നിരക്കിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 3:00 മണി വരെ വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവർത്തി ദിവസങ്ങളിൽ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണെന്ന് കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിലെ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടി**

8 റബ്ബർബോർഡ് റബ്ബറുത്പന്നനിർമ്മാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോഴ്സ് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ഒക്ടോബർ 04-ന് ആരംഭിക്കും. കോഴ്സ് ഫീസ് 21,000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ). റബ്ബറുത്പന്നനിർമ്മാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ കോമ്പൗണ്ടിങ്, ഉത്പന്നനിർമ്മാണം, അസംസ്കൃതവസ്തുക്കളുടെയും ഉത്പന്നങ്ങളുടെയും പരിശോധന, ലാറ്റക്സ് ടെക്നോളജി എന്നിവയിലെല്ലാം പ്രാവീണ്യം നേടാം. അക്കാദമിക/ വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പറിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം